Draft #5 of File 61418/AC A1-2/2020/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 17-Jan-2021 08:42 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം ഏർപ്പെടുത്തുന്നതിനായി ഗവൺമെന്റ് / എയ്ഡഡ്/ ഗവൺമെന്റ് കൺട്രോൾഡ് / പ്രൈവറ്റ് സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ എം.സി.എ./ എം.ബി.എ കോഴ്സുകൾക്ക് "Supernumerary " സീറ്റുകൾ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് സർവ്വകലാശാലയിൽ നടപ്പിലാക്കികൊണ്ടുള്ള വൈസ്- ചാൻസിലറുടെ നടപടിയും തദനുസരണം പുറപ്പെടുവിച്ച പുറത്തെഴുത്തും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്തത് അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 410/AC A 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 18.01.2021

---

*പരാമർശം:*-1.പുറത്തെഴുത്ത് നം. 61418/AC A 1-2/2020/ACAD തീയതി 18.11.2020

2.31.12.2020-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 21/20.06/61418 /ACA1/2/2020

**ഉത്തരവ്**

മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം ഏർപ്പെടുത്തുന്നതിനായി ഗവൺമെന്റ് / എയ്ഡഡ്/ ഗവൺമെന്റ് കൺട്രോൾഡ് / പ്രൈവറ്റ് സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ എം.സി.എ./ എം.ബി.എ കോഴ്സുകൾക്ക് "Supernumerary" സീറ്റുകൾ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് സർവ്വകലാശാലയിൽ നടപ്പിലാക്കിക്കൊണ്ട് , മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3 , സെക്ഷൻ 10(17) പ്രകാരമുള്ള അധികാരമുപയോഗിച്ച് വൈസ്-ചാൻസിലർ ഉത്തരവാകുകയും, തുടർന്ന് പുറത്തെഴുത്ത് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. വൈസ്- ചാൻസിലറുടെ മേൽ നടപടിയും തദനുസരണം പുറപ്പെടുവിച്ച പുറത്തെഴുത്തും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുകയും 31.12.2020-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം താഴെപറയും വിധം തീരുമാനിക്കുകയും ചെയ്തു -

" മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് (Economically Weaker Sections -EWS ) സംവരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഗവൺമെന്റ് / എയ്ഡഡ് / ഗവൺമെന്റ് കൺട്രോൾഡ് / പ്രൈവറ്റ് ആൻഡ് സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ എം.സി.എ/ എം.ബി.എ. കോഴ്സുകൾക്ക് "Supernumerary " സീറ്റുകൾ അനുവദിച്ച കൊണ്ടുള്ള സർക്കാർ ഉത്തരവ് (G.O.(Rt)No.1331/2020/HEDN dtd 23.10.2020), സർവ്വകലാശാലയിൽ നടപ്പിലാക്കിക്കൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം ബഹു വൈസ്- ചാൻസിലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച 18.11.2020-ലെ നമ്പർ 61418/AC A 1-2/2020/ACAD പുറത്തെഴുത്തും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു."

തദനുസരണം  ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3.എ .ആർ./ ഡി.ആർ./ ജെ.ആർ.(ഭരണം / അക്കാദമിക് / ഫിനാൻസ്/ പരീക്ഷ )
4.പി.ആർ.ഒ / സിറ്റാഡ് / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ / യൂണിവേഴ്സിറ്റി വെബ്സൈറ്റ്
5.എസി .എ4/എസി .എ 7/എസി .ബി.7/എസി .എ.12
6.സ്റ്റോക്ക് ഫയൽ/റെക്കോർഡ് സെക്ഷൻ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #5 of File 61418/AC A1-2/2020/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 17-Jan-2021 08:42 PM - Page 2